"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ പാൽ ഉൽപാദനം, ഉപഭോഗം, തീറ്റപ്പുൽകൃഷിയുടെ ലഭ്യത എന്നിവ സംബന്ധിച്ച് ക്ഷീരവികസന വകുപ്പ്, കേരള ഫീഡ്സ്, മിൽമ, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സാമ്പിൾ സർവ്വേ നടത്തുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ക്ഷീരവികസന വകുപ്പ്**

സ.ഉ.(സാധാ) നം.37/2025/DD തീയതി,തിരുവനന്തപുരം, 25-02-2025

പരാമർശം:-
1. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 05.10.2024 തീയതിയിലെ DDDKER/3881/2021-D3 നമ്പർ കത്ത്
2. 25.11.2024 തീയതിയിലെ സ.ഉ (സാ.ധാ) നം.165/2024/ഡിഡി
3. ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ 29.11.2024 തീയതിയിലെ യോഗത്തിന്റെ നടപടിക്കുറിപ്പ്
4. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 13.12.2024, 18.12.2024 തീയതികളിലെ DDDKER/3881/2021-D3 നമ്പർ കത്ത്
5. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 22.01.2025, 04.02.2025 തീയതികളിലെ DDDKER/1434/2024-D3 നമ്പർ കത്ത്

**ഉത്തരവ്**

2023-'24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച ഇക്കണോമിക് റിവ്യൂ പ്രകാരം സംസ്ഥാനത്തിന്റെ ആകെ പാലുത്പാദനം 25.79 ലക്ഷം മെടിക്ക് ടണ്ണാണ്. ഇതിൽ സംസ്ഥാനത്ത് 3348 പ്രവർത്തനക്ഷമമായ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 2023-24 വർഷം ശരാശരി 6.80 ലക്ഷം മെടിക്ക് ടൺ പാൽ സംഭരിച്ചിട്ടുണ്ട്. അതായത് ആകെയുള്ള പാലുൽപ്പാദനത്തിൽ 27 ശതമാനം പാലാണ് ടി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്നത്. ക്ഷീരവികസന വകുപ്പ് പദ്ധതികൾ

ശാസ്ത്രീയമായി ആസൂത്രണം ചെയ്യുന്നതിനായി സംസ്ഥാനത്തിന്റെ ആകെയുള്ള പാൽ ഉൽപ്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ക്ഷീര സഹകരണ സംഘങ്ങൾ കൈകാര്യം ചെയ്യുന്ന പാലിന്റെ യഥാർത്ഥ അളവ്/വിഹിതം തിട്ടപ്പെടുത്തേണ്ടതുണ്ടെന്നും ആയതിനോടൊപ്പം തന്നെ സംസ്ഥാനത്തെ തീറ്റപ്പുൽ ലഭ്യതയും ഒരു സർവ്വേ വഴി വിലയിരുത്തേണ്ടത് അത്യാവശ്യമാണെന്നും പരാമർശം (1) പ്രകാരം ക്ഷീരവികസന വകുപ്പ് ഡയറക്ടർ സർക്കാരിനെ അറിയിച്ചിരുന്നു.

(2) സംസ്ഥാനത്തെ ആകെ പാലുൽപാദനം, ഉപഭോഗം. തീറ്റപ്പുൽകൃഷിയുടെ ലഭ്യത എന്നിവ അടിസ്ഥാനമാക്കി നടത്തുവാൻ ഉദ്ദേശിക്കുന്ന സാമ്പിൾ സർവ്വേയിൽ മിൽമ മേഖലയുണിയനുകളേയും കൂടി ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

(3) 29.11.2024 തീയതി ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പരാമർശം (3) പ്രകാരം തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ സാമ്പിൾസർവ്വേ നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 37 ലക്ഷം രൂപ ചെലവ് വരുമെന്ന് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അറിയിച്ചിട്ടുണ്ടെന്നും ആയതിനോടൊപ്പം സർവ്വേയുമായി ബന്ധപ്പെട്ട് ക്ഷീരവികസന വകുപ്പ് വികസിപ്പിക്കുന്ന വെബ് ആപ്ലിക്കേഷന് വേണ്ടി വരുന്ന 3 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി ആകെ 40 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ചുവടെ ചേർക്കുന്ന രീതിയിൽ തുക സമാഹരിച്ചു ചെലവ് കണ്ടെത്തുവാൻ വകുപ്പ് ലക്ഷ്യമിടുന്നതായും വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിരുന്നു.

| | |
|---|---|
| ക്ഷീരവികസന വകുപ്പ് | 13 ലക്ഷം രൂപ |
| മിൽമ | 20 ലക്ഷം രൂപ |
| കേരളാ ഫീഡ്സ് ലിമിറ്റഡ് | 7 ലക്ഷം രൂപ |
| **ആകെ** | **40 ലക്ഷം രൂപ** |

(4) ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കേരളാ സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്ററിന്റെ (KSDMIC) ആഭിമുഖ്യത്തിൽ കേരളാ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റ്ക്സ് വകുപ്പ്, മിൽമ, കേരളാ ഫീഡ്സ് എന്നിവയുമായി ചേർന്ന് സർവ്വേ നടത്തുന്നതിന് KSDMIC-2024-25 അംഗീകരിച്ച DPR (Detailed Project Report) പ്രകാരം ഇതിനകം ഭരണാനുമതി ലഭിച്ചിട്ടുള്ളതാണെന്നും KSDMIC യുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ പ്രാരംഭ പരിശീലനം, സാമ്പിൾ സർവ്വേ,

വെബ്/മൊബൈൽ ആപ്ലിക്കേഷൻ രൂപീകരണം, വിവര ശേഖരണം, ക്രോഡീകരണം, റിപ്പോർട്ട് ജനറേഷൻ എന്നീ പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പരാമർശം (2) ഉത്തരവ് പ്രകാരം ഫണ്ട് വിനിയോഗത്തിന് അനുമതി കിട്ടിയിട്ടുള്ളതുമാണെന്നും ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. പരാമർശം (2) ഉത്തരവ് പ്രകാരം 2404-00-102-69-34-OC-03-Other Items എന്ന ശീർഷകത്തിൽ KSDMIC യുടെ പ്രവർത്തനങ്ങൾക്കായി 13 ലക്ഷം രൂപ പെർമിറ്റഡ് ബാലൻസ് നിലനിർത്തിയിട്ടുണ്ട്.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷീരമേഖലയിലെ എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കും ഭാവി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കാൻ സഹായകരമാകുന്ന രീതിയിൽ സംസ്ഥാനത്തെ പാൽ ഉൽപാദനം, ഉപഭോഗം, തീറ്റപ്പുൽകൃഷിയുടെ ലഭ്യത എന്നിവ സംബന്ധിച്ച് ക്ഷീരവികസന വകുപ്പ്, കേരള ഫീഡ്സ്, മിൽമ, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സാമ്പിൾ സർവ്വേ നടത്തുന്നതിനും ആയതിലേക്കായി KSDMIC-2024-25 അംഗീകരിച്ച DPR പ്രകാരം അനുമതി ലഭ്യമായിരിക്കുകയും പരാമർശം (2) ഉത്തരവ് പ്രകാരം 2404-00-102-69-34-OC-03-Other Items എന്ന ശീർഷകത്തിൽ KSDMIC യുടെ പ്രവർത്തനങ്ങൾക്കായി 13 ലക്ഷം രൂപ ലഭ്യമായതിനാലും സർവ്വേ നടത്തുന്നതിനായി ആകെ ചെലവാകുന്ന 40 ലക്ഷം രൂപ ചുവടെ ചേർക്കും പ്രകാരം ചെലവഴിച്ച് സർവ്വെ നടത്തുന്നതിന് ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

| | |
|---|---|
| ക്ഷീരവികസന വകുപ്പ് (KSDMIC) | 13 ലക്ഷം |
| KCMMF(മിൽമ) | 20.00 ലക്ഷം |
| കേരളാ ഫീഡ്സ് | 7 ലക്ഷം |
| ആകെ | 40 ലക്ഷം രൂപ |

സർവ്വേക്ക് സാങ്കേതിക സഹായം നൽകുവാൻ കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയോട് ക്ഷീരവികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെടേണ്ടതും കൂടാതെ ഫോഡർ സർവേയുമായി ബന്ധപ്പെട്ട് സർവേയിൽ ഉൾപ്പെടുത്തുന്ന ചോദ്യാവലി (questionnaire) കേരള ഫീഡ്സിനു കൂടി ലഭ്യമാക്കി അവരുടെ അഭിപ്രായം കൂടി പരിഗണിച്ചു സർവേയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷിബു.എ.റ്റി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, മിൽമ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരളാ ഫീഡ്സ്, കല്ലേറ്റുംകര, തൃശ്ശൂർ
മാനേജിംഗ് ഡയറക്ടർ, കെ എൽ ഡി ബി, പട്ടം, തിരുവനന്തപുരം
രജിസ്ട്രാർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്
ഡയറക്ടർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Abhilash R P
Date: 25-02-2025 13:31:03

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്